**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുമരാമത്ത് വകുപ്പ്- പത്തനംതിട്ട ജില്ലയിലെ അച്ചൻകോവിൽ ആറിന് കുറുകെ ചിറ്റൂർകടവ് പാലത്തിന്റെ നിർമ്മാണം-ശ്രീ. ജോസ് തോമസ് എന്ന കരാറുകാരൻ സമർപ്പിച്ച ടെണ്ടർ, നിലവിലുള്ള മാനദണ്ഡങ്ങളിൽ ഇളവ് നൽകി, അംഗീകരിച്ച് ഉത്തരവാകുന്നു.

---

പൊതുമരാമത്ത് (ഡി) വകുപ്പ്

സ.ഉ.(കൈ) നം.20/2026/PWD തിരുവനന്തപുരം, തീയതി,04-03-2026

---

പരാമർശം:-

1. സഉ(അച്ചടി)നം.54/2019/ധന തീയതി 04.05.2019
2. സ.ഉ.(സാധാ)നമ്പർ.332/2024/പൊ.മ.വ തീയതി 10.03.2024
3. പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയറുടെ 05.08.2025, 31.01.2026, 25.02.2026 തീയതികളിലെ CEPWD/15072/2023-AB2-BR നമ്പർ കത്തുകൾ

**<u>ഉത്തരവ്</u>**

പത്തനംതിട്ട ജില്ലയിലെ അച്ചൻകോവിൽ ആറിന് കുറുകെ ചിറ്റൂർകടവ് പാലത്തിന്റെ നിർമ്മാണ പ്രവൃത്തിക്കായി പരാമർശം 2 ലെ ഉത്തരവ് പ്രകാരം 1200 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പ്രവൃത്തി നടപ്പാക്കാൻ ക്ഷണിച്ച ആദ്യ രണ്ട് ടെണ്ടറുകളിൽ ഒരു കരാറുകാരൻ മാത്രം പങ്കെടുത്ത സാഹചര്യത്തിൽ ടെണ്ടർ നിരാകരിച്ചു. 06.03.2025 തീയതിയിൽ പ്രവൃത്തി റി-ടെണ്ടർ ചെയ്തുവെങ്കിലും ഉയർന്ന തുക ആയിരുന്നതിനാൽ ടെണ്ടർ നിരാകരിച്ചുകൊണ്ട് 22.04.2025 തീയതിയിൽ വീണ്ടും ടെണ്ടർ ക്ഷണിച്ചു. നാലാം ടെണ്ടറിൽ സമർപ്പിക്കപ്പെട്ട തുക എസ്റ്റിമേറ്റ് പി.എ.സിയെക്കാൾ 44.14% അധികമായിരുന്നതിനാൽ എസ്റ്റിമേറ്റ് റീ-കാസ്റ്റ് ചെയ്ത് റീ-ടെണ്ടർ ചെയ്യുവാൻ പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ DSoR 2021 നിരക്കുകൾ പ്രകാരം എസ്റ്റിമേറ്റ് 9,61,20,811/- രൂപയായി കണക്കാക്കി 18.12.2025-ൽ പ്രവൃത്തി ടെണ്ടർ ചെയ്തു. രണ്ട് ബിഡ്ഡുകൾ ലഭ്യമായതിൽ ഏറ്റവും കുറഞ്ഞ തുക ക്വോട്ട് ചെയ്തത് ശ്രീ. ജോസ് തോമസ് എന്ന ബിഡ്ഡറാണ്. ശ്രീ ജോസ് തോമസ് ക്വോട്ട് ചെയ്ത തുകയായ 13,07,20,513/- രൂപ എസ്റ്റിമേറ്റ് പി.എ.സി - യെക്കാൾ 36% വും, DSoR2021+10% ത്തെക്കാൾ 23.63% വും, LMR( Local Market Rate) തുകയെക്കാൾ 30.55% വും കൂടുതലാണ്.

| | |
|---|---|
| Estimate PAC | 9,61,20,811/- |
| DsoR 2021+10% | 10,57,32,892/- |
| LMR Estimate | 10,01,26,377/- |
| Quoted /Negotiated Amount (L1) | 13,07,20,513/- |

2. ക്വോട്ട് ചെയ്ത തുക പരാമർശം 1 ലെ ഉത്തരവിലെ മാനദണ്ഡപ്രകാരം അംഗീകരിക്കാവുന്നതിനെക്കാൾ കൂടുതലായതിനാൽ PRICE സോഫ്റ്റ് വെയർ മുഖേന കരാറുകാരനുമായി നെഗോസിയേഷൻ നടത്തി. നിർമ്മാണ സാമഗ്രികളുടെ ഉയർന്ന മാർക്കറ്റ് വിലയും, നിർമ്മാണത്തിലെ സങ്കീർണതയും കാരണം ക്വോട്ട് ചെയ്ത റേറ്റ് കുറയ്ക്കുവാൻ സാധിക്കുകയില്ല എന്ന് കരാറുകാരൻ അറിയിച്ചതിനാലും, പ്രവർത്തി 5 തവണയാണ് ഇതിനോടകം ടെണ്ടർ ചെയ്തിട്ടുള്ളത് എന്നതിനാലും, നിലവിലെ ടെണ്ടറിൽ L2 കരാറുകാരൻ ക്വോട്ട് ചെയ്തിരിക്കുന്നത് എസ്റ്റിമേറ്റ് തുകയേക്കാൾ 55.09% ഉയർന്ന നിരക്കിലാണ് എന്നതിനാലും പത്തനംതിട്ട ജില്ലയിലെ അച്ചൻകോവിൽ ആറിന് കുറുകെ ചിറ്റൂർകടവ് പാലത്തിന്റെ നിർമ്മാണ പ്രവൃത്തിക്കായി ശ്രീ.ജോസ് തോമസ് ക്വോട്ട് ചെയ്ത ടെണ്ടർ അംഗീകരിക്കണമെന്ന് പരാമർശിത കത്തുകൾ പ്രകാരം പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയർ അഭ്യർത്ഥിക്കുകയുണ്ടായി.

3. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. പത്തനംതിട്ട ജില്ലയിലെ അച്ചൻകോവിൽ ആറിന് കുറുകെ ചിറ്റൂർകടവ് പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് ശ്രീ. ജോസ് തോമസ് ക്വാട്ട് ചെയ്തതും എസ്റ്റിമേറ്റ് PAC - യെക്കാൾ 36% വർദ്ധനവുള്ളതും DSoR+10% തുകയേക്കാൾ 23.63% വർദ്ധനവുള്ളതും , എൽ.എം.ആർ തുകയെക്കാൾ 30.55% വർദ്ധനവുള്ളതുമായ 13,07,20,513/- (പതിമൂന്ന് കോടി ഏഴ് ലക്ഷത്തി ഇരുപതിനായിരത്തി അഞ്ഞൂറ്റി പതിമൂന്നുരൂപ മാത്രം ) രൂപയുടെ ടെണ്ടർ, പരാമർശം 1 പ്രകാരമുള്ള മാനദണ്ഡമായ "Quoted rate / LMR or DSOR+10% whichever is less"എന്നതിൽ ഇളവ് നൽകി, അംഗീകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ബിജു ഐ എ എസ്
സെക്രട്ടറി

ചീഫ് എഞ്ചിനീയർ, പാലങ്ങൾ വിഭാഗം, തിരുവനന്തപുരം.
സൂപ്രണ്ടിംഗ് എഞ്ചിനീയർ(പാലങ്ങൾ വിഭാഗം), ആലപ്പുഴ
ധന വകുപ്പ് (INPW-B1/399/2023-Fin (E. 2645382 ) തീയതി 24.02.2026)
പൊതുഭരണ(എസ്.സി) വകുപ്പ് (ഇനം നമ്പർ 3803 തീയതി 02.03.2026 പ്രകാരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.
ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ)

ഉത്തരവിൻ പ്രകാരം

Signed by
Rajesh M R
Date: 05-03-2026 13:15:44
സെക്ഷൻ ഓഫീസർ

ബഹു.മുഖ്യമന്ത്രിയുടെ പി.എസ് ന്
ബഹു.പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ പി.എസ് ന്

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 02-03-2026

ഫയൽ നം. PWD-D1/411/2025/PWD. ഇനം നം: 3803

വിഷയം : പൊതുമരാമത്ത് വകുപ്പ് - പത്തനംതിട്ട ജില്ലയിലെ അച്ചൻകോവിൽ ആറിന് കുറുകെ ചിറ്റൂർകടവ് പാലത്തിന്റെ നിർമ്മാണം - ടെണ്ടർ എക്സസ് - നിലവിൽ സർക്കാർ നിർദ്ദേശിച്ചിട്ടുള്ള മാനദണ്ഡമായ "quoted rate/LMR or DSoR+10% whichever is less" എന്നതിൽ ഇളവ് വരുത്തി അംഗീകരിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ്.

3803

**കേരള സർക്കാർ**

(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)

മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | PWD-D1/411/2025-PWD |
| 2 | വകുപ്പ് | : | പൊതുമരാമത്ത്(ഡി) വകുപ്പ് |
| 3 | വിഷയം | : | പത്തനംതിട്ട ജില്ലയിലെ അച്ചൻകോവിൽ ആറിന് കുറുകെ ചിറ്റൂർകടവ് പാലത്തിന്റെ നിർമ്മാണം- ടെണ്ടർ എക്സസ്-നിലവിൽ സർക്കാർ നിർദ്ദേശിച്ചിട്ടുള്ള മാനദണ്ഡമായ "quoted rate/LMR or DSoR+10% whichever is less" എന്നതിൽ ഇളവ് വരുത്തി അംഗീകരിക്കുന്നത്-സംബന്ധിച്ച്. |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 27.02.2026 |
| 5 | i. ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ | : | ഉണ്ട് |
| | ii. സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രി സഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : | നിത എം |
| 8 | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : | കെ.ബിജു |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 27.02.2026 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. എ . ജയതിലക് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 27.02.2026 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | അഡ്വ. പി.എ.മുഹമ്മദ് റിയാസ് |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 28.02.2026 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 28.02.2026 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും. | : | |

# മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

പത്തനംതിട്ട ജില്ലയിലെ കോന്നി നിയോജകമണ്ഡലത്തിലെ അച്ചൻകോവിൽ ആറിന് കുറുകെ ചിറ്റർകടവ് പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് ശ്രീ. ജോസ് തോമസ് എന്ന കരാറുകാരൻ സമർപ്പിച്ച ടെണ്ടർ, നിലവിലുള്ള മാനദണ്ഡങ്ങളിൽ ഇളവ് നൽകി, അംഗീകരിക്കണമെന്ന പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയറുടെ അപേക്ഷ സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2) പത്തനംതിട്ട ജില്ലയിലെ അച്ചൻകോവിൽ ആറിന് കുറുകെ ചിറ്റർകടവ് പാലത്തിന്റെ നിർമ്മാണ പ്രവൃത്തിക്കായി 10.03.2024 തീയതിയിലെ സ.ഉ.(സാധാ)നമ്പർ.332/2024/പൊ.മ.വ പ്രകാരം 1200 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത പ്രവൃത്തി ആകെ നാല് തവണ ടെണ്ടർ ചെയ്തിരുന്നു. ആദ്യ രണ്ട് ടെണ്ടറുകളിൽ ഒരു കരാറുകാരൻ മാത്രം പങ്കെടുത്ത സാഹചര്യത്തിൽ ടെണ്ടർ നിരാകരിച്ചു. 06.03.2025 തീയതിയിൽ പ്രവൃത്തി റി-ടെണ്ടർ ചെയ്തുവെങ്കിലും ഉയർന്ന തുക ആയിരുന്നതിനാൽ ടെണ്ടർ നിരാകരിച്ചുകൊണ്ട് 22.04.2025 തീയതിയിൽ വീണ്ടും ടെണ്ടർ ക്ഷണിച്ചു. M/s മുളമൂട്ടിൽ കൺസ്ട്രക്ഷൻ എന്ന സ്ഥാപനം മാത്രമാണ് ടെണ്ടറിൽ പങ്കെടുത്തത് സ്ഥാപനം ക്വാട്ട് ചെയ്തതും 44.14% അധികരിച്ച ടെണ്ടർ അംഗീകരിക്കുന്നതിന് സർക്കാരിൽ സമർപ്പിച്ചിരുന്നു.

3)ധന വകുപ്പിന്റെ അഭിപ്രായപ്രകാരം എസ്റ്റിമേറ്റ് റീ-കാസ്റ്റ് ചെയ്ത് റീ-ടെണ്ടർ ചെയ്യുവാൻ പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ DSoR 2021 നിരക്കുകൾ പ്രകാരം എസ്റ്റിമേറ്റ് 9,61,20,811/- രൂപയായി കണക്കാക്കി 18.12.2025-ൽ പ്രവൃത്തി ടെണ്ടർ ചെയ്തു. രണ്ട് ബിഡ്ഡുകൾ ലഭ്യമായതിൽ ഏറ്റവും കുറഞ്ഞ തുക ക്വോട്ട് ചെയ്തത് ശ്രീ. ജോസ് തോമസ് എന്ന ബിഡ്ഡറാണ്. ശ്രീ ജോസ് തോമസ് ക്വോട്ട് ചെയ്ത തുകയായ 13,07,20,513/- എസ്റ്റിമേറ്റ് പി.എ.സി - യെക്കാൾ 36% വും, DSoR2021+10% ത്തെക്കാൾ 23.63% വും, LMR( Local Market Rate) തുകയെക്കാൾ 30.55% വും കൂടുതലാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| Estimate PAC | 9,61,20,811/- |
| DsoR 2021+10% | 10,57,32,892/- |
| LMR Estimate | 10,01,26,377/- |
| Quoted /Negotiated Amount (L1) | 130720513 |
| Comparison of L1 with respect to EPAC | +36% |
| Comparison of L1 with respect to DsoR 2021+10% | +23.63% |
| Comparison of L1 with respect to LMR Estimate | +30.55% |

4)04/05/2019 തീയതിയിലെ സ.ഉ(അച്ചടി)നം.54/2019/ഫിൻ ഉത്തരവിലെ ഖണ്ഡിക 5, ഉപഖണ്ഡിക 5 ൽ പരാമർശിച്ചിരിക്കുന്ന LMR/DSOR+10% ടോളറൻസ് ലിമിറ്റ് എന്ന പരിധിയ്ക്ക് പുറത്തുള്ള തുകയാണ് നെഗോഷിയേറ്റഡ് തുക എന്നതിനാൽ ശ്രീ ജോസ് തോമസ് ക്വോട്ട് ചെയ്ത തുകയായ 13,07,20,513/- ടെണ്ടർ അംഗീകരിക്കുന്നത് സംബന്ധിച്ച റിമാർക്സിനായി ഫയൽ ധനവകുപ്പിന് നൽകുകയും ആ വകുപ്പ് ചുവടെ പറയും പ്രകാരം റിമാർക്ക്സ് ലഭ്യമാക്കിയിട്ടുമുണ്ട്.

*" AD is advised to place the case of approval of tenders of the work "Construction of Chittoor kadavu Bridge across Achankovil river under Konni Constituency in Pathanamthitta District" for an amount of Rs. 13,07,20,512.73/- which is 36% above EPAC before the Council of Minister's for Approval after making an earnest effort to reduce the L1 rates of bidder to DSR +10%.*

*' This has the approval of Hon'ble Minister (Finance) "*

5)ധനകാര്യ വകുപ്പ് ലഭ്യമാക്കിയ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ, പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനിയർ റിപ്പോർട്ട് ലഭ്യമാക്കിയതിൽ PRICE സോഫ്റ്റ് വെയർ മുഖേന കരാറുകാരനുമായി നെഗോസിയേഷൻ നടത്തിയെങ്കിലും നിർമ്മാണ സാമഗ്രികളുടെ ഉയർന്ന മാർക്കറ്റ് വിലയും, നിർമ്മാണത്തിലെ സങ്കീർണതയും കാരണം ക്വോട്ട് ചെയ്ത റേറ്റ് കുറയ്ക്കുവാൻ സാധിക്കുകയില്ല എന്ന് കരാറുകാരൻ അറിയിച്ചിട്ടുണ്ടെന്ന വിവരം അറിയിച്ചു. പ്രസ്തുത പ്രവർത്തി 5 തവണയാണ് ഇതിനോടകം ടെണ്ടർ ചെയ്തിട്ടുള്ളത്. നിലവിലെ ടെണ്ടറിൽ L2 കരാറുകാരൻ ക്വോട്ട് ചെയ്തിരിക്കുന്നത് എസ്റ്റിമേറ്റ് തുകയേക്കാൾ 55.09% ഉയർന്ന നിരക്കിലാണെന്നും L1 കരാറുകാരനായ ശ്രീ.ജോസ് തോമസ് ക്വോട്ട് ചെയ്തിരിക്കുന്നത് 36% ഉയർന്ന നിരക്കിലുമാണെന്നതിനാൽ ടെണ്ടർ അംഗീകരിച്ച് നൽകണമെന്നും അഭ്യർഥിച്ചിരിയ്ക്കുന്നു.

6) ഈ വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

**<u>തീരുമാനിക്കേണ്ട വിഷയം</u>**

പത്തനംതിട്ട ജില്ലയിലെ അച്ചൻകോവിൽ ആറിന് കുറുകെ ചിറ്റൂർകടവ് പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് ശ്രീ. ജോസ് തോമസ് ക്വാട്ട് ചെയ്തതും എസ്റ്റിമേറ്റ് PAC - യെക്കാൾ 36% വർദ്ധനവുള്ളതും DSoR+10% തുകയേക്കാൾ 23.63% വർദ്ധനവുള്ളതും , എൽ.എം.ആർ തുകയെക്കാൾ 30.55% വർദ്ധനവുള്ളതുമായ 13,07,20,513/- (പതിമൂന്ന് കോടി ഏഴ് ലക്ഷത്തി ഇരുപതിനായിരത്തി അഞ്ഞൂറ്റി പതിമൂന്ന്.) രൂപയുടെ ടെണ്ടർ ; 04.05.2019 തീയതിയിലെ സഉ(അച്ചടി)നം.54/2019/ഫിൻ പ്രകാരം നിലവിലുള്ള മാനദണ്ഡമായ '' Quoted rate / LMR or DSOR+10% whichever is less'' എന്നതിൽ ഇളവ് വരുത്തിക്കൊണ്ട്, അംഗീകരിക്കണമെന്ന പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയറുടെ അപേക്ഷ പരിഗണിച്ച് ടെണ്ടർ അംഗീകരിക്കാവുന്നതാണോ ?